II ഇ.ബി. XIV - കേരള നിയമസഭ/XVI-18

## പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2019 നവംബർ 21, വ്യാഴം

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

### വാങ്മൂലം നൽകിയ ഉത്തരങ്ങൾ

(കെ.എസ്.യു. പ്രവർത്തകരുടെ സെക്രട്ടേറിയറ്റ് മാർച്ചിനുനേരെയുണ്ടായ പോലീസ് ലാത്തിച്ചാർജ്ജിൽ ശ്രീ. ഷാഫി പറമ്പിൽ എം.എൽ.എ.-യെ മർദ്ദിക്കാൻ നേതൃത്വം നൽകിയ പോലീസ് ഉദ്യോഗസ്ഥരെ സസ്പെൻഡ് ചെയ്തുകൊണ്ട് അന്വേഷണം നടത്തണമെന്ന ആവശ്യത്തിന്മേൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടി നൽകാത്തതിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ ചോദ്യോത്തരവേള ബഹിഷ്കരിച്ചതിനാൽ നക്ഷത്രചിഹ്നമിട്ട 541, 542, 544, 545, 546 എന്നീ നമ്പർ ചോദ്യങ്ങൾ പരിഗണനയ്ക്കെടുത്തില്ല.)

47 (*543) അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന സ്വകാര്യ സ്കൂളുകൾ

പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്) നൽകിയ മറുപടിയിൽ, വിദ്യാഭ്യാസ അവകാശ നിയമ പ്രകാരം അംഗീകാരമില്ലാത്ത സ്കൂളുകൾ അടച്ചുപൂട്ടുന്നത് സംബന്ധിച്ച സർക്കാർ ഉത്തരവിനെതിരെ സമർപ്പിച്ച അപ്പീലിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത വിദ്യാലയങ്ങൾക്ക് അംഗീകാരം/എൻ.ഒ.സി. നൽകുന്നതിനായി മാനദണ്ഡങ്ങൾ പുറപ്പെടുവിക്കുകയും അതനുസരിച്ചുള്ള നടപടികൾ സ്വീകരിച്ചുവരികയുമാണെന്ന് സഭയെ അറിയിച്ചു. സി.ബി.എസ്.ഇ. പ്രകാരവും കെ.ഇ.ആർ. പ്രകാരവുമുള്ള നിബന്ധനകൾ പാലിക്കുന്ന സ്കൂളുകൾക്ക് മാത്രമാണ് അംഗീകാരം നൽകുന്നത്. കേന്ദ്ര കരട് ദേശീയ വിദ്യാഭ്യാസ നയത്തിലെ നിർദ്ദേശങ്ങൾ സംസ്ഥാനത്തെ വിദ്യാഭ്യാസ മേഖലയിലുണ്ടാക്കാവുന്ന പ്രത്യാഘാതങ്ങൾ സംബന്ധിച്ച് ഇന്ന് സഭയിൽ പ്രമേയം അവതരിപ്പിക്കുന്നതാണ്. പ്രകൃതിതന്നെ പാഠപുസ്തകമെന്ന സങ്കല്പത്തിലേയ്ക്ക് കുട്ടികളെ അടുപ്പിക്കാനുള്ള ശ്രമത്തിന്റെ ഭാഗമായി 'പാഠം ഒന്ന് പാടത്തേയ്ക്ക്' എന്ന പദ്ധതിയും അറിവ് പങ്ക് വയ്ക്കുക എന്ന ലക്ഷ്യത്തോടെ 'വിദ്യാലയം പ്രതിഭകളിലേയ്ക്ക്' എന്ന പരിപാടിയും നടത്തുന്നുണ്ടെന്നും ജനകീയ മാസ്റ്റർപ്ലാൻ പ്രകാരം ആവാസവ്യവസ്ഥയ്ക്ക്

അനുയോജ്യമായ രീതിയിലുള്ള സ്കൂൾ കെട്ടിടങ്ങൾ നിർമ്മിക്കാനാണ് ഉദ്ദേശിക്കുന്നതെന്നും വിദ്യാഭ്യാസ രംഗത്ത് സംഭാവനകൾ നൽകിയിട്ടുള്ളവരെ ആദരിച്ചുകൊണ്ട് മുന്നോട്ട് പോകുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

48 (*547) <u>വില്ലേജ് ഓഫീസുകളുടെ അടിസ്ഥാന സൗകര്യ വികസനം</u>

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ) നൽകിയ മറുപടിയിൽ, റവന്യൂ ഓഫീസുകളെ ജനസൗഹൃദമാക്കി സുതാര്യ സേവനങ്ങൾ വേഗത്തിൽ ലഭ്യമാക്കണമെന്ന ഉദ്ദേശ്യത്തോടുകൂടിയാണ് സ്മാർട്ട് റവന്യൂ ആഫീസ് പദ്ധതി ആവിഷ്ക്കരിച്ചിട്ടുള്ളതെന്നും ഇതുവഴി ഏതുസമയത്തും എവിടെവച്ചും സേവനം പൗരന് ലഭ്യമാകുന്നതാണെന്നും പദ്ധതി നടപ്പാക്കുന്നതിനായി ഭരണാനുമതി നൽകിയിട്ടുള്ള 180 വില്ലേജ് ഓഫീസുകളിൽ 72 എണ്ണത്തിന്റെ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടെന്നും 40 എണ്ണം അന്തിമ ഘട്ടത്തിലാണെന്നും സഭയെ അറിയിച്ചു. ഇതിനു പുറമെ അടിസ്ഥാന സൗകര്യ വികസന പദ്ധതിയിലുൾപ്പെടുത്തി വിവിധ സൗകര്യങ്ങൾ വില്ലേജ് ഓഫീസുകളിൽ ഏർപ്പെടുത്തുകയും 800 ലക്ഷം രൂപ വകയിരുത്തുകയും ചെയ്തിട്ടുണ്ട്. ഇ-ഡിസ്ട്രിക് പദ്ധതി മുഖേന ഓൺ ലൈൻ സർട്ടിഫിക്കറ്റ് സംവിധാനം

നടപ്പാക്കിയതിന്റെ ഭാഗമായി ഐ.റ്റി. മിഷൻ വഴി സംസ്ഥാനത്തെ എല്ലാ വില്ലേജ് ഓഫീസുകളിലും ബ്രോഡ്ബാന്റ് ഇന്റർനെറ്റ് സൗകര്യം ഏർപ്പെടുത്തുകയും നിലവിലുള്ള ഇന്റർനെറ്റ് കണക്ഷന്റെ വേഗതയും ഡാറ്റാ കൈമാറ്റനിരക്കും വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ബി.എസ്.എൻ.എൽ-ന്റെ FTTH കണക്ഷനുകളിലേയ്ക്ക് മാറുന്നതിനുള്ള നടപടിയും സ്വീകരിച്ചുവരുന്നുണ്ട്. താലൂക്ക് പുന:സംഘടന സംബന്ധിച്ച് ജോയിന്റ് കമ്മീഷണറുടെ നേതൃത്വത്തിൽ രൂപീകരിച്ച ടീം പഠന റിപ്പോർട്ട് തയ്യാറാക്കിവരികയാണ്. റവന്യൂ ഓഫീസുകൾ നൽകുന്ന വിവിധ സർട്ടിഫിക്കറ്റുകൾക്ക് സാധുതാ കാലയളവ് നിശ്ചയിച്ചതിന്റെ അടിസ്ഥാനത്തിൽ ജാതി സർട്ടിഫിക്കറ്റിന്റെ കാലാവധി 3 വർഷമായി പുതുക്കി നിശ്ചയിക്കുകയും വിദ്യാർത്ഥികൾ സമർപ്പിക്കുന്ന നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റിന് കോഴ്സ് പൂർത്തിയാകുന്നതുവരെ കാലാവധിയുണ്ടായിരിക്കുന്നതുമാണ്. വരുമാന സർട്ടിഫിക്കറ്റിന്റെ അപേക്ഷകർ അസൽ സൂക്ഷിക്കുകയും വിവിധ ആവശ്യങ്ങൾക്ക് ഹാജരാക്കുമ്പോൾ ഇവയുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഹാജരാക്കണമെന്നും ഒരു സർട്ടിഫിക്കറ്റിന്റെ പകർപ്പുതന്നെ ഇവയുടെ കാലയളവിനുള്ളിൽ വിവിധ ആവശ്യങ്ങൾക്കായി ഉപയോഗിക്കാനാകുന്ന

രീതിയിൽ നിർദ്ദേശം നൽകുന്ന കാര്യം പരിഗണനയിലാണെന്നും മന്ത്രി അറിയിച്ചു. കെ-ഫോൺ സംവിധാനംവഴി ഓൺ ലൈനിലൂടെ അപേക്ഷ സമർപ്പിക്കുന്നതിനുള്ള ബുദ്ധിമുട്ട് ഒഴിവാക്കാനാകുമെന്നും വില്ലേജ് ഓഫീസുകളിൽ 'ഫ്രണ്ട് ഓഫീസ്' സംവിധാനം ഏർപ്പെടുത്തുന്ന കാര്യം പരിഗണനയിലാണെന്നും ഒൻപത് ജില്ലകളിൽ വില്ലേജ് രേഖകൾ സൂക്ഷിക്കാൻ മോഡേൺ റെക്കോർഡ് റൂമുകൾ സ്ഥാപിക്കുന്നതാണെന്നും വില്ലേജ് രേഖകൾ ഡിജിറ്റലാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടെന്നും മന്ത്രി അറിയിച്ചു. വില്ലേജ് ഓഫീസർ തസ്തിക അപ് ഗ്രേഡ് ചെയ്ത് ഡെപ്യൂട്ടി തഹസീൽദാർ തസ്തികയാക്കുന്ന കാര്യം ധനകാര്യ വകുപ്പുമായി ചർച്ച ചെയ്യുന്നതാണ്. 906 വില്ലേജുകളിൽ റീ-സർവ്വേ പൂർത്തിയാക്കുകയും 30 വില്ലേജുകളുടെ റീ-സർവ്വേ പ്രവർത്തനങ്ങൾ നടന്നുവരികയുമാണ്. റീ-സർവ്വേയുമായി ബന്ധപ്പെട്ടുണ്ടായിട്ടുള്ള ആക്ഷേപങ്ങൾ പരിഹരിക്കാൻ സാധിച്ചിട്ടുണ്ടെന്നും സർവ്വേ, റവന്യൂ, രജിസ്ട്രേഷൻ വകുപ്പുകൾ സംയോജിപ്പിച്ചുകൊണ്ട് ആധുനിക രീതിയിലുള്ള സർവ്വേ പ്രവർത്തനങ്ങൾ നടത്തുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

49 (*548) റോഡുകളിൽ സുരക്ഷിതത്വം ഉറപ്പാക്കുന്നതിന് നടപടി

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ) നൽകിയ മറുപടിയിൽ, റോഡുകളിൽ സുരക്ഷിതത്വം ഉറപ്പാക്കുന്നതിനായി വകുപ്പിന്റെ പദ്ധതി-പദ്ധതിയേതര ഫണ്ട് വിനിയോഗിച്ച് ഇന്ത്യൻ റോഡ് കോൺഗ്രസ്സ് അനുശാസിക്കുന്ന മാനദണ്ഡപ്രകാരമുള്ള സൈൻ ബോർഡുകൾ, റോഡ് മാർക്കിംഗുകൾ, ഒബ്ജക്റ്റ് ഹസാർഡ് മാർക്കറുകൾ, സ്റ്റഡുകൾ, ഡിലിനേറ്റർ പോസ്റ്റുകൾ, ക്രാഷ് ബാരിയറുകൾ തുടങ്ങിയവ സ്ഥാപിച്ചുവരുന്നുണ്ടെന്നും സിഗ്നലുകൾ സ്ഥാപിക്കുന്നതിന് പോലീസ് വിഭാഗത്തിനും തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും ചുമതല നൽകിയിട്ടുണ്ടെന്നും സഭയെ അറിയിച്ചു. ഗതാഗതക്കുരുക്ക് രൂക്ഷമായ ടൗണുകളിൽ സിഗ്നലുകൾ, മീഡിയൻ, ട്രാഫിക്ക് ഐലന്റ്, ഡിവൈഡർ എന്നിവ സ്ഥാപിക്കുകയും സ്ഥലം, ഫണ്ട് എന്നിവയുടെ ലഭ്യതയ്ക്കനുസരിച്ച് റോഡുകളുടെ വീതി കൂട്ടി റോഡ് സേഫ്റ്റി ഇംപ്രൂവ്മെന്റ് പദ്ധതികൾ ആവിഷ്കരിക്കുകയും ചെയ്യുന്നുണ്ട്. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, തലശ്ശേരി-മാഹി, കോഴിക്കോട് ബൈപ്പാസുകൾ പൂർത്തീകരിക്കുന്നതോടെ ഗതാഗതക്കുരുക്ക് വലിയ തോതിൽ പരിഹരിക്കപ്പെടുന്നതാണ്. കൂടാതെ ചേർത്തല-കഴക്കൂട്ടം

ദേശീയപാത നാലുവരിപ്പാത വികസന പദ്ധതിയിൽ ആറ്റിങ്ങൽ ബൈപ്പാസും ഉൾപ്പെടുത്തിയിട്ടുണ്ട്. ദേശീയപാതയിലെ തെരഞ്ഞെടുക്കപ്പെട്ട റോഡുകളിൽ റോഡ് സുരക്ഷാ ഓഡിറ്റ് നടത്തിയും കെ.എസ്.റ്റി.പി., കെ.ആർ.എഫ്.ബി., റിക്ക്, കിഫ്ബി എന്നിവയിൽ ഉൾപ്പെടുത്തിയും ദേശീയപാത 66-ൽ 4/6 വരിപ്പാതാ വികസന പദ്ധതിയിലും ദേശീയപാതകൾ പേവ്ഡ് ഷോൾഡറോടു കൂടിയ രണ്ടു വരിപ്പാതയായി വികസിപ്പിക്കുന്ന പദ്ധതിയിലും ഉൾപ്പെടുത്തി ബസ്സ്ബേകൾ നിർമ്മിച്ചുവരുന്നതായി മന്ത്രി അറിയിച്ചു. സംസ്ഥാന പാതകളിലും മറ്റ് റോഡുകളിലുമായി കണ്ടെത്തിയിട്ടുള്ള 116 ബ്ലാക്ക് സ്പോട്ടുകളിൽ 46 എണ്ണം മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തി അപകടരഹിതമാക്കാൻ റോഡ് സുരക്ഷാ അതോറിറ്റിയും പൊതുമരാമത്ത് (നിരത്ത്) വിഭാഗത്തിനു കീഴിൽ വരുന്നവയുടെ തിരുത്തൽ നടപടികൾ ടി വകുപ്പും നടപ്പാക്കുന്നുണ്ട്. നാറ്റ്പാക്ക് പഠനം നടത്തി കണ്ടെത്തിയ 159 മേഖലകളിൽ അപകടങ്ങൾ കുറയ്ക്കുന്നതിന്റെ ഭാഗമായി നടപ്പാക്കേണ്ട പ്രവൃത്തികൾ സംബന്ധിച്ച് കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയത്തെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. അപകടങ്ങൾ കുറയ്ക്കുന്നതിനായി റോഡ് സേഫ്റ്റി ഓഡിറ്റ്, സേഫ്റ്റി ഡ്രൈവ് എന്നിവ നടത്തുന്ന കാര്യം പരിഗണിക്കുന്നതാണെന്നും റോഡ് സേഫ്റ്റി

അതോറിറ്റി, മരാമത്ത്, തദ്ദേശഭരണ സ്ഥാപനങ്ങൾ എന്നിവയുടെ സഹകരണത്തോടെ പ്രവർത്തനരഹിതമായ ട്രാഫിക്/സ്ട്രീറ്റ് ലൈറ്റുകൾ നീക്കം ചെയ്യുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു. ദീർഘദൂര യാത്രക്കാർക്കായി നിശ്ചിത അകലങ്ങളിൽ ടോയ്‌ലറ്റ് അടക്കമുള്ള വിശ്രമമുറികൾ നിർമ്മിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുന്നതാണെന്ന് ഒരു ഉപചോദ്യത്തിലിടപെട്ടുകൊണ്ട് മുഖ്യമന്ത്രി അറിയിച്ചു.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 6351 മുതൽ 6657 വരെയുള്ള ചോദ്യങ്ങളിൽ 120 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)